**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1619** **08-10-2021 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ ഹൈലെവൽ കനാൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഹൈലെവൽ കനാലിന്റെ ഭാഗമായി ഏനാമാവ് റെഗുലേറ്റർ വരെയുള്ള ഹൈലെവൽ കനാലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ഹൈലെവൽ കനാലിന്റെ കുഞ്ഞാലുക്കൽ മുതൽ അയ്യപ്പൻകാവ് വരെയുള്ള 8കി.മി. നീളം വരുന്ന ഭാഗത്തെ പ്രവർത്തികൾക്ക് 19.52 കോടി രൂപയുടെ ഭരണാനുമതി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. മണലൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന പുത്തൻ കോവിലകം മുതൽ അയ്യപ്പൻകാവ് വരെയുള്ള കനാൽ രണ്ട് ഭാഗങ്ങളായി തിരിച്ചാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. കാഞ്ഞാണി റോഡ് മുതൽ അയ്യപ്പൻകാവ് വരെയുള്ള (റീച്ച്-IV) ഭാഗത്തിന്റെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പുത്തൻ കോവിലകം മുതൽ കാഞ്ഞാണി റോഡ് വരെയുള്ള (റീച്ച്-III) ഭാഗത്തിന്റെ പ്രവർത്തികളുടെ കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തി നവംബർ മാസത്തോടുകൂടി ആരംഭിയ്ക്കുന്നതാണ്. |
| (ബി) | കാർഷിക മേഖലയ്ക്ക് വളരെ പ്രയോജനകരമായ ഈ കനാൽ പൂർത്തീകരിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ? | (ബി) | ഈ പ്രവൃത്തി 2022 ജൂൺ മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ